**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം.1610/2019/തസ്വഭവ തിരുവനന്തപുരം, തീയതി: 27/07/2019

---

പരാമർശം :- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 18.02.2015 തീയതിയിലെ ഇ 8 (എസ് .സി. 17/2014/ടി.എസ്.ആർ) 3599/14 നമ്പർ റിപ്പോർട്ട് .

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 02.07.2015 തീയതിയിലെ ഇ.യു.1/252/2015/ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 25.08.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 06.12.2018 തീയതിയിലെ വി3-15380/16 നമ്പർ കത്ത്.

## ഉത്തരവ്

ഗുരുവായൂർ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം യൂണിറ്റ് 15.02.2014- ൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. ഗുരുവായൂർ നഗരസഭയുടെ കിഴക്കേ നടയിലുള്ള ബസ് സ്റ്റാന്റ് പാർക്കിംഗ് ഏര്യായിലെ അനധികൃതമായി നടത്തിവരുന്ന തട്ടുകടകളിൽ നിന്നും ടാക്സ് ഈടാക്കുന്നില്ല എന്നും നഗരസഭയുടെ ഉടമസ്ഥതയിലുള്ള സെമി പെർമനന്റ് ബിൽഡിംഗ് ('Semi Permanent Buildings') വാടകക്കാർ കീഴ് വാടകയ്ക്ക് നല്കിയിരിക്കുന്നുവെന്നും വിജിലൻസ് വിഭാഗം കണ്ടെത്തി. പരാമർശം ഒന്ന് പ്രകാരം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പ്രസ്തുത കാലയളവിൽ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. രഘുരാമന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ / പത്രിക നല്കിയിരുന്നു .

2. ഗുരുവായൂർ നഗരസഭയുടെ പാർക്കിംഗ് സ്ഥലങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ഓരോ വർഷവും ലേലം ചെയ്താണ് നല്കുന്നതെന്നും ഇപ്രകാരം 2013-14 വർഷത്തിൽ 61.07 ലക്ഷം രൂപയും 2014-15 വർഷം 71 ലക്ഷം രൂപയും ലേലം പോയിട്ടുള്ളതും ടി തുക മുഴുവൻ ലേലക്കാർ നഗരസഭയിൽ അടവാക്കിയിട്ടുള്ളതുമാണ്. ഈ സ്ഥലത്തിന്റെ അരികിലാണ് വൈകുന്നേരം തട്ടുകടകൾ പ്രവർത്തിച്ചു വരുന്നത് എന്നും, ലേലക്കാർ ഫീസ് അടച്ചിട്ടുള്ള സ്ഥലത്താണ് തട്ടുകടകൾ വൈകുന്നേരം പ്രവർത്തിക്കുന്നതെന്നതിനാൽ നഗരസഭയ്ക്ക് വരുമാനം കിട്ടുന്നില്ല എന്ന് പറയുന്നത് ശരിയല്ലെന്നും, വാഹന പാർക്കിംഗ് ഫീസ് പിരിക്കാൻ അതിന്റെ കുത്തകക്കാരന് അവകാശം നല്കിയിരിക്കുന്ന സ്ഥലത്ത് മറ്റൊരാൾക്ക് മറ്റൊരാവശ്യത്തിന് അവകാശം നല്കാൻ നഗരസഭയ്ക്ക് നിയമപരമായി കഴിയില്ല എന്നും തട്ടുകടക്കാരിൽ നിന്നും ഫീസ് പിരിച്ചാൽ നഗരസഭയ്ക്ക് ഒരു വികസന ആവശ്യം വരുമ്പോൾ അവരെ ഇവിടെ നിന്ന് ഒഴിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ടാകുമെന്നും കോടതിയിൽ നിന്നും സ്റ്റേ വാങ്ങി അവർ അവിടെ അവകാശം സ്ഥാപിക്കും എന്നീ കാരണങ്ങളാലാണ് അവരിൽ നിന്നും ഫീസ് പിരിക്കാത്തതെന്നും ശ്രീ. രഘുരാമൻ പരാമർശം മൂന്ന് പ്രകാരമുള്ള മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട് .

3. നഗരകാര്യ ഡയറക്ടറുടെ പരാരമർശം നാല് പ്രകാരമുള്ള കത്തിൽ നഗരസഭ ലേലം മുഖേന നല്കുന്ന കടമുറികൾ നഗരസഭയുടെ അനുമതിയില്ലാതെ കൈമാറുന്നത് ചട്ടവിരുദ്ധമാണെന്നും നഗരസഭാതലത്തിൽ ആയത് പരിശോധിക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രസ്തുത വാർഡിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ / ഹെൽത്ത് ഇൻസ്പെക്ടർ / റവന്യൂ ഇൻസ്പെക്ടർ എന്നീ ഉദ്യോഗസ്ഥർക്കാണെന്നും ടിയാന്മാർ ആയത് പരിശോധിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കോ, ഇതു സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്കോ മാത്രമേ നഗരസഭാ സെക്രട്ടറിയ്ക്ക് പ്രസ്തുത വിഷയം അറിയുവാൻ സാധിക്കുകയുള്ളൂവെന്നും കൂടാതെ ടി കടമുറികളുടെ ഡി & ഒ ലൈസൻസ് പുതുക്കിയിട്ടുള്ളത് ലൈസൻസ് അനുവദിച്ചു നല്കിയിട്ടുള്ള വ്യക്തികളുടെ പേരിൽ മാത്രമാണെന്നും 05.05.2014- ലെ എസ് 17/2014/ ടി.എസ്.ആർ നമ്പരായുള്ള വിജിലൻസ് റിപ്പോർട്ടിലെ പരാമർശത്തിൽ ശ്രീ ദയാനന്ദന് ലൈസൻസിയായിട്ടുള്ള കടമുറി, ശ്രീ മണികണ്ഠൻ, S/o കേശവൻ എന്ന വ്യക്തിയ്ക്ക് കീഴ് വാടകയ്ക്ക് നല്കിയെന്ന പരാമർശം നിലനിൽക്കുന്നതായി കൊച്ചി നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടിരിക്കുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. നഗരസഭാ പാർക്കിംഗ് ഗ്രൗണ്ടിലെ മറ്റു വ്യാപാരങ്ങൾക്ക് അനുമതി നൽകിയിട്ടില്ലാത്തതാണെന്നും എന്നാൽ ഉത്സവ കാലങ്ങളിൽ 70 ദിവസം കിഴക്കേ നടയിൽ റോഡിനോടു ചേർന്നുള്ള ഒഴിഞ്ഞ സ്ഥലത്ത് താൽക്കാലിക സ്റ്റാളുകൾ പ്രവർത്തിക്കുന്നതിന് കൗൺസിൽ അംഗീകാരത്തോടെ പരസ്യ ലേലം ചെയ്ത് അനുമതി നൽകാറുണ്ടെന്നും മേൽ ദിവസങ്ങൾക്കു ശേഷം ടി സ്റ്റാളുകൾ പൊളിച്ചു

നീക്കം ചെയ്യാറുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും കുറ്റാരോപണ മെമ്മോയ്ക്കുള്ള പ്രതിവാദ പത്രികയും പരിഗണിച്ച് ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ രഘുരാമനെതിരെയുള്ള അച്ചടക്ക നടപടി മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന "താക്കീത്" നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമണിമാത്യു**
അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.